സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 04.11.2023

നമ്പർ. ഇ.എ-2/52859/22/ഡി.ടി.ഇ

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതികം - വിദ്യാഭ്യാസം - ബയോമെട്രിക് പഞ്ചിംഗ് സംവിധാനം - വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനങ്ങളിലും സമയബന്ധിതമായും നിർബന്ധമായും നടപ്പിലാക്കുന്നത് സംബന്ധിച്ച്

സൂചന :- 1. പൊതുഭരണ (ഏകോപന) വകുപ്പിൻറെ 18.05.2018 തീയതിയിലെ സ.ഉ (സാധാ) നം. 1108/2018 പൊ.ഭ.വ. നമ്പർ ഉത്തരവ്.

2. പൊതുഭരണ (ഏകോപന) വകുപ്പിൻറെ 13.01.2020 തീയതിയിലെ സ.ഉ (സാധാ) നം. 192/2020 പൊ.ഭ.വ. നമ്പർ ഉത്തരവ്.

3. പൊതുഭരണ (ഏകോപന) വകുപ്പിൻറെ 16.12.2022 തീയതിയിലെ സ.ഉ (സാധാ) നം. ഡി.സി.എൻ. 4/151/2018 പൊ.ഭ.വ. പാർട്ട് -2 സർക്കുലർ.

4. 28.10.2023 തീയതിയിലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടേറ്റ്, കൺട്രോളിംഗ് ഓഫീസർമാരുടെ യോഗത്തിലെ തീരുമാനം.

ഭരണ നവീകരണത്തിന്റെ ഭാഗമായി കേരളത്തിലെ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനുമായി എല്ലാ സർക്കാർ ഓഫീസുകളിലും സ്പാർക്കുമായി ബന്ധിപ്പിച്ച് കൊണ്ട് ബയോമെട്രിക് ഫിംഗർപ്രിൻറ് അറ്റൻഡൻറ് മാനേജ്മെൻറ് സിസ്റ്റം (പഞ്ചിംഗ് സംവിധാനം) നടപ്പിലാക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. സ്പർക്ക് മുഖേനെ ശമ്പളം ലഭിക്കുന്ന ജീവനക്കാർക്ക് മാത്രമായി സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് സൂചന (2) മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവുകൾ പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ജനവരി 2023 മുതൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം പുനരാരംഭിക്കുകയും ഒക്ടോബർ 2023 മുതൽ SPARK-മായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

1. സർക്കാർ ഉത്തരവുകളിലേയും, അനുബന്ധ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി എല്ലാ സ്ഥാപനങ്ങളിലും പഞ്ചിംഗ് സംവിധാനം നടപ്പിലാക്കേണ്ടതിനാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന ഏല്ലാ സ്ഥാപനങ്ങളിലും സമയബന്ധിതമായും നിർബന്ധമായും പഞ്ചിംഗ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആധാർ ബേയിസ്ഡ് ബയോമെട്രിക് പഞ്ചിംഗ് മെഷീനും അനുബന്ധ ഉപകരണങ്ങളും സ്ഥാപനങ്ങൾക്ക് തന്നെ വാങ്ങാവുന്നതാണ്.

2. ആധാർ ബേയിസ്ഡ് പഞ്ചിംഗ് ഡിവൈസിൻറെ സ്പെസിഫിക്കേഷൻ ഇതോടൊപ്പം ചേർത്തിട്ടുണ്ട്. വാങ്ങുന്ന ഉപകരണങ്ങളുടെ സേവനം അതാത് കമ്പനി തുടർന്ന് ലഭ്യമാക്കേണ്ടതുണ്ടെന്ന് സ്ഥാപന മേധാവി ഉറപ്പുവരുത്തേണ്ടതാണ്.

3. 50 പേർക്ക് ഒരു മെഷീൻ എന്ന നിർദേശം ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും 50 -നും 60 -നും ഇടക്ക് ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ ഒന്നിൽ കൂടുതൽ വാങ്ങേണ്ടതില്ല. മാത്രമല്ല സ്ഥാപനത്തിൻറെ ബിൽഡിങ്ങുകൾ തമ്മിലുള്ള ദൂരം 250 m -ൽ കൂടുതലാണെങ്കിൽ അതിനനുസരിച്ച് ഉപകരണത്തിൻറെ എണ്ണം ആനുപാതികമായി വർദ്ധിപ്പിക്കാവുന്നതാണ്.

4. ഇതുവരെ പഞ്ചിംഗ് മെഷീൻ നടപ്പിലാക്കാത്ത സ്ഥാപനങ്ങളിൽ സുഗമമായ നടത്തിപ്പിനായി ഒരു നോവൽ ഓഫീസറിനെ ചുമതലപ്പെടുത്തേണ്ടതാണ്. പുതുതായി നോഡൽ ഓഫീസറിനെ നിയമിക്കുന്നതിനായി

Draft #7 of File EA2/52859/22/DTE Approved by Senior Administrative Officer on 04-Nov-2023 11:30 PM - Page 1

ഇതോടൊപ്പം ചേർത്തിട്ടുള്ള ഫോം പൂരിപ്പിച്ച് info@spark.gov.in എന്ന email വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

5. അറ്റൻഡൻസ് രേഖപ്പെടുത്താനും ടൈം സെറ്റ്, ലീവ് മാർക്കിംഗ് etc. SPARK മായി ബന്ധപ്പെട്ട പോർട്ടലിൽ പരിഹരിക്കേണ്ടതാണ്.

6. kldte.attendance.gov.in എന്ന പോർട്ടലിൽ ഇതുവരെയും രജിസ്റ്റർ ചെയ്യാത്തവർ എത്രയും വേഗം രജിസ്റ്റർ ചെയ്ത് ആധാർ എനേബിൾ ചെയ്യേണ്ടതാണ്.

7. പഞ്ചിംഗ് ഉപകരണങ്ങളുടെ പർച്ചേസ് നടപടികൾ നവംബർ 30-ന് മുൻപ് നടത്തേണ്ടതും ഡിസംബർ 15-ന് ടെസ്റ്റ് റൺ ആരംഭിക്കേണ്ടതുമാണ്.

8. മേൽ നിബന്ധനകൾ എല്ലാം പാലിച്ചുകൊണ്ട് 2024 ജനവരി 1 മുതൽ ശമ്പളം ഹാജരുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ SPARK-മായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്.

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താവ്

1. എല്ലാ സ്ഥാപന/ഓഫീസ് മേധാവികൾക്കും
2. കരുതൽ ഫയൽ/ആഫീസ് പകർപ്പ്

**Approval Valid**

Digitally Approved By
സുനിൽ കുമാർ സി വി
Date: 04.11.2023
Reason: Approved

Draft #7 of File EA2/52859/22/DTE Approved by Senior Administrative Officer on 04-Nov-2023 11:30 PM - Page 2

The document is digitally approved. Hence signature is not needed.

# TECHNICAL SPECIFICATIONS OF AADHAR BASED PUNCHING MACHINE

| | |
|---|---|
| **GENERAL** | |
| Credential Support | Finger, Mifare Card and AADHAAR Number (PIN) |
| Card Support | Mifare Smart Card (Read/Write Supported) |
| Sensor | Suprema Optical Sensor (STQC Certified) |
| Keypad | Touch Screen Based |
| **DISPLAY** | |
| Display | 3.5" TFT Display with Capacitive Touch Panel |
| Display Size | 320 x 240 Pixels |
| Size of Wallpaper | 512 Kb |
| **COMMUNICATION** | |
| Ethernet | Yes (10/100 Mbps on Ethernet) |
| Mobile Broadband | Yes (3G Support) Through USB dongle |
| Wi-Fi | Yes (802.11 b/g/n) |
| **INTERFACES** | |
| USB | Yes (For 3G Connectivity and Data Transfer) |
| **AUDIO-VISUAL** | |
| User Photo Display | Yes |
| Buzzer | Yes |
| **CONFIGURATION** | |
| Platform (Operating System) | Embedded Linux |
| CPU | 800 MHz ARM Cortex A8 based Processor |
| Flash Memory | 256 MB Flash |
| RAM Memory | 512 MB DDR3 RAM |
| **ELECTRICAL** | |
| Input Power | 12 VDC @ 2A |
| **PHYSICAL** | |
| Dimensions (W x H x D) ($mm^3$) | 91 x 186 x 38 |
| Weight (kg) | 0.54 |
| Tamper Detection | Yes |
| **ENVIRONMENTAL** | |
| Humidity | 5% to 85% RH Non-Condensing |
| Operating Temperature | 0°C to + 50°C (32°F to 122°F) |
| **CERTIFICATIONS** | |
| | STQC, CE, IP65, Shock and Vibration Proof etc |

**Nomination of Nodal officers for the implementation of Aadhar Enabled Biometric Attendance System (AEBAS)**

## Details of the Employee to be assigned as the Nodal officer

| | | |
|---|---|---|
| Name | : | |
| PEN | : | |
| Department | : | |
| Office Name | : | |
| Designation | : | |
| Mobile Number | : | |
| Email ID | : | |
| Whether Aadharenabled/ Non- Aadhar system | : | Aadhar enabled ☐ Non Aadhar enanled ☐ |

## Existing Nodal Officer Details

| | | |
|---|---|---|
| Name | : | |
| PEN | : | |

Name & Signature of the Head of the Department

Note: Please fill up the form counter sign with seal & send the scanned copy of the dulyfilled in form to info@spark.gov.in with copy marked to gadcdo4@gmail.com